പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5589 04.07.2013 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾക്കായി നീക്കിവച്ച തുക ഏതെല്ലാം ആവശ്യത്തിനായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തന ങ്ങൾക്കാണ് തുക വിനിയോഗിക്കുന്നത്. |
| (ബി) | ഇതിൽ ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും ഇവിടങ്ങളിൽ പദ്ധതി നടപ്പാക്കാനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്നും ഗ്രാമങ്ങൾ തിരിച്ച് വ്യക്തമാക്കാമോ? | (ബി) | 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. കോളനികളെ തെരഞ്ഞെടുത്തിരുന്നത് അതാത് പ്രദേശങ്ങളിലെ എം. എൽ. എ./എം.പി.മാരാണ്. തെരഞ്ഞെടുക്കപ്പെട്ട 120 പട്ടികജാതി കോളനികളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. എന്നാൽ താഴെപറയുന്ന 6 കോളനികളിൽ യഥാസമയം പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല.<br>പീരുമേട് നിയോജക മണ്ഡലത്തിലെ കുമളി പഞ്ചായത്തിലുള്ള ചെങ്കര എസ്റ്റേറ്റ് ലയം കോളനിയിലും ഉടുമ്പൻ ചോല നിയോജക മണ്ഡലത്തിലെ പാമ്പാടുംപാറ പഞ്ചായത്തിലുള്ള പുതുക്കാട് കോളനിയിലും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അലത്തറവിളാകം കോളനിയിലും എറണാകുളം പാർലമെന്റ് മണ്ഡലത്തിലെ രാമേശ്വരം കോളനിയിലുമാണ് പദ്ധതി നടപ്പിലാക്കാൻ ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ ബന്ധപ്പെട്ട എം. എൽ. എ./എം.പി.മാർ യഥാക്രമം ചെങ്കര കുരിശ്മല കോളനിയിലും ആദ്യാർപുരം കോളനിയിലും തോണിക്കടവ് കോളനിയിലും മോനിപ്പള്ളി കോളനിയിലും പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷനിലെ കല്ലുത്താൻകടവ് കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നെങ്കിലും പ്രസ്തുത കോളനിയുടെ വികസനത്തിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനാൽ അവിടെ സ്വയം പര്യാപ്തഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.<br>കണ്ണൂർ ജില്ലയിൽ മുണ്ടേരി പഞ്ചായത്തിലെ നിലപ്പനക്കുന്ന് കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പിന്നീട് ആ കോളനിക്കു പകരം മറ്റൊരു കോളനി നിർദ്ദേശിക്കുമെന്ന് അറിയിച്ചതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ.